# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.575 28.09.2016-ൽ മറുപടിക്ക്**

## മരങ്ങൾ വെട്ടി വില്പന

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ആന്റണി ജോൺ** | **അഡ്വ.കെ.രാജു**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) കോതമംഗലം മണ്ഡലത്തിലെ മലയാറ്റൂർ, കോതമംഗലം, മൂന്നാർ എന്നീ ഫോറസ്റ്റ് ഡിവിഷനുകളിൽ ഉൾപ്പെട്ട ജനവാസ മേഖലകളായ കുട്ടമ്പുഴ, വടാട്ടുപാറ, ഇഞ്ചത്തൊട്ടി, മാമലക്കണ്ടം, നേര്യമംഗലം പ്രദേശങ്ങളിൽ നിന്നും കർഷകർ നട്ടു വളർത്തിയ മരങ്ങൾ വെട്ടി വില്പനക്കായി കൊണ്ടു പോകുന്നതിന്, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് യാതൊരു നിയന്ത്രണങ്ങളുമില്ലായിരുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കർഷകർ നട്ടുവളർത്തിയ മരങ്ങൾ വെട്ടി വിൽക്കുന്നത് സംബന്ധിച്ച് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് യാതൊരു നിയന്ത്രണങ്ങളും ഇല്ലായിരുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

....2)

| | | | |
|---|---|---|---|
| ബി) | എന്നാൽ ഇപ്പോൾ വിവിധ റേഞ്ച് ആഫീസർമാർ കർശനമായി പാസ്സ് നിർബന്ധമാക്കുകയും, തേക്കുൾപ്പെടെയുള്ള മരങ്ങൾക്ക് അനുമതി നിഷേധിക്കുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പുതുതായി നിബന്ധനകളോ നിയന്ത്രണങ്ങളോ ഏർപ്പെടുത്തിയിട്ടില്ല. നിലവിലുള്ള സർക്കാർ നിയമങ്ങൾക്കും പട്ടയങ്ങളിലെ വ്യവസ്ഥകൾക്കും വിധേയമായിട്ടാണ് ഈ വിഷയത്തിൽ നടപടി സ്വീകരിച്ചുവരുന്നത്. |
| സി) | പട്ടയ ഭൂമികളിൽ നിന്നും മരങ്ങൾ വെട്ടി വില്ക്കുന്നതിനു പുതിയ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; | (സി) | പുതിയ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. |
| ഡി) | ഉണ്ടെങ്കിൽ അതിന്റെ നടപടിക്രമം എന്താണെന്ന് വിശദമാക്കാമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ